# *LITTLE KITES 2018-19*

## GOVT:HIGH SCHOOL KANDALA



# DAZZLING

little KITEs

# DAZZLING

School Digital Magzine 2018-19

GOVT.HIGH.SCHOOL.KANDALALA

KANDALA,MARNALOOR

THIRUVANANTHPURAM - 695512


HEADMISTRESS
G.H.S.KANDALA

# DAZZLING
# LITTLE KITE MAGAZINE

Publish by

Little kite Govt HS
Kandala P.O

Revenue District
Thiruvananthapuram

EducationaDistrict
Neyyatinkara

Sub-District
kattakada

Editor
Lisha, Roshni

Sub editor

MohammedBilal

Typing
Sruthi krishna

photos
Mohammed Bilal

# സന്ദേശം

നീലാകാശത്തിൽ പാറികളിക്കുന്ന തിളങ്ങുന്ന നക്ഷത്രങ്ങളാണ് കുഞ്ഞുങ്ങൾ അവരുടെ കരവിരുത് ഉയർത്തി കാണിക്കാനും നമ്മുടെ കണ്ടല വിദ്യാലയ മുത്തശ്ശിയുടെ മടിത്തട്ടിൽ അറിവും വിവേകവും പകർന്ന് ഉന്നതങ്ങളിൽ എത്താനും 'DAZZLING'- Digital Magazine കഴിയട്ടെ

രമകുമാരി വി.ആർ

ജില്ലാപഞ്ചായത്ത് അംഗം

# പി.റ്റി.എ പ്രസിഡന്റ് സന്ദേശം



ഇന്ന് വിവര സാങ്കേതിക വിദ്യയിൽ വന്ന മാറ്റവും പുരോഗതിയും മറ്റ് ഒരു മേഖലയിലും ഇല്ല. എല്ലാ രാജ്യങ്ങളിലും ഇതിന്റെ വികസനം കാണാൻ കഴിയും. ദിനംപ്രതി IT മേഖലയിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടക്കുന്നുണ്ട്. അത് ജനങ്ങൾ സ്വീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ആ കണ്ടുപിടുത്തങ്ങളും പുരോഗതിയും സ്വീകരിക്കാനും അവ പഠിക്കാനും കാത്തിരിക്കുകയാണ് വിദ്യാഭ്യാസ മേഖലയും വിദ്യാർത്ഥികളും. ചരിത്രപ്രസിദ്ധമായ കണ്ടല ഗവ. എച്ച്. എസ് IT വികസനമെന്നോണം Little KITES ന്റെ ഭാഗമായുള്ള e - മാഗസിൻ ആരംഭിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. ഈ പുതു സംരംഭത്തിന്റെ പുരോഗതിക്കു വേണ്ടി പ്രവർത്തിച്ചതും പ്രവർത്തിക്കുന്നതുമായ എല്ലാ അധ്യാപക അനധ്യാപകർക്കും വിദ്യാർത്ഥീ വിദ്യാർത്ഥിനികൾക്കും സാമൂഹിക രാഷ്ട്രീയ പ്രവർത്തകർക്കും എന്റെ അകമഴിഞ്ഞനന്ദിയും പിന്തുണയും നൽകി കൊള്ളുന്നു. ഈ സംരംഭം സ്കൂളിനും വിദ്യാർത്ഥികൾക്കും ഭാവിയിലേക്കുള്ള ഒരു നൂതന പാതയുടെ വെളിച്ചമായി മാറട്ടെ......"



# HM – സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളിൽ ആരംഭിക്കുന്ന Little kite ന്റെ യൂണിറ്റ് നമ്മുടെ സ്കൂളിലും പ്രവർത്തനം ആരംഭിക്കുകയാണ്.കുട്ടികൾക്ക് വിവിധ It മേഖലയിൽ വൈദഗ്ധ്യം നൽകുന്ന ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്നതിന്റെ തുടർച്ചയാണ് 'ലിറ്റിൽ കൈറ്റ്സ് പദ്ധതി'. Little kites unit ന്റെ പ്രധാന പ്രവർത്തനം എന്ന നിലയിലാണ് School Digital Magazine തയ്യാറാക്കുന്നത്. വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾക്കുള്ള താൽപര്യം വളർത്താനും വിദ്യാലയങ്ങളിൽ സാങ്കേതിക വിദ്യാധിഷ്ഠിത പഠന പ്രവർത്തനങ്ങളുടെ മികവ് കൂട്ടുവാനും Little kite unit ന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ അവസരത്തിൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.



## സീനിയർ അസിസ്റ്റന്റ് - സന്ദേശം

നിയാന്താവിന്റെ വരുതിയിൽ ആയിരിക്കുമ്പോഴും ആകാശീലിമയിൽ പാറിപ്പറന്നു തിളങ്ങുന്നവയാണ് പട്ടങ്ങൾ [kites]. അവ "ചെറുപട്ടങ്ങൾ" [Little kites] " ആകുമ്പോഴോ; കൗതുകവും ആവേശവും കൂടും. കണ്ടല ഗവ: ഹൈസ്കൂളിന്റെ സ്വന്തം " Little kite". അംഗങ്ങളുടെ പ്രഥമസാഹിത്യസൃഷ്ടി - "DAZZLING" – അറിവിന്റെയും അലിവിന്റെയും ആകാശനീലിമയിൽ വെട്ടിത്തിളങ്ങട്ടെ.........

ആശംസകളോടെ,

നിഷാദ്.എസ്.കെ



# സ്റ്റാഫ് സെക്രട്ടറി -സന്ദേശം

കാലഘട്ടത്തിന്റെ യന്ത്രമായ കമ്പ്യൂട്ടർ ....... ആ യന്ത്രം എങ്ങോട്ടോ ഒക്കെ കുതിച്ചുകൊണ്ടിരിക്കുകയാണ്. ആ കുതിപ്പിൽ നമ്മുടെ വിദ്യാർഥികൾക്കും ഒരു ഭാഗമാകാൻ കിട്ടിയ അവസരം ഒരു മഹാഭാഗ്യമാണ്. പാഠപുസ്തകങ്ങളിൽ നിന്നും വേറിട്ട ലോകത്തേക്കും കമ്പ്യൂട്ടറിന്റെ നൂതന ആശയങ്ങളിലേക്കും കുട്ടികളെ കൈപിടിച്ചു കൊണ്ടു പോയ "Little kites"ന്റെയും e-Magazine ന്റെയും അണിയറ പ്രവർത്തകർക്ക് ഒരായിരം ആശംസകൾ............

# EDITOR 'S NOTE

*We are in the world of fast Technology. The new era is affronting with golden rays to open the window to the world of technology. Little Kites, is the new gateway for our students to enter into the world of Information Technology .*

*This is a moment of great pride for us. The Little Kites of Govt High School Kandala,the launch pad for our new buds to fly in the modern scientific world. This humble venture is to explore and express the talents of our Little Kites members to fly in the Zenith of Modern Era. Little Kites is a blessing from General Education Mission. Now our children are equipped with all the new trends in technology*

*We express our gratitude to all great personalities for their messages of greetings,to teachers and students for their creative works. We extent our heart ful thanks to our Dearest HM Mrs.Bini.K.I for the whole hearted support. We also extend our gratitude to Mr.Nishad(Sr. Asst),all teaching and non teaching staff, the Editorial Board,Little Kites Members,Students, Well wishers,Designer for their unconditional support.*

# ഉള്ളടക്കം

1.സ്കൂൾ ചരിത്രം
2.സ്കൂൾ തല പ്രവർത്തനം
3. പുതിയ ശബ്ദം
4.ജീൻ പ്രയോഗത്തിലൂടെ
5.കണ്ടൽക്കാടുകൾ
6.ശരീരത്തിലെ പുതിയ അവയവം
7.ശാസ്ത്രത്തിന്റെ ബോസ്
8.സ്വപ്നങ്ങളുടെ ലോകത്തുനിന്ന്
9.വൺ ഡേ ഇൻസെക്റ്റ്
10.മാലിന്യം നീക്കാൻ ചെടികൾ നടാം
11.ടെസ്റ്റ് ക്രിക്കറ്റിലെ കിരീടങ്ങൾ
12.നീലവിസ്മയം
13.നന്ദി

# കണ്ടല സ്കൂളിന്റെ ചരിത്രം




കണ്ടലയിലെ പഴമക്കാരിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഈ വിദ്യാലയം സ്ഥാപിതമായത് **എ ഡി 1900** ലാണ്. 118 വർഷങ്ങൾ പിന്നിട്ട ഈ വിദ്യലയം രൂപപ്പെടുത്തിയെടുക്കാൻ സൗജന്യമായി സ്ഥലം നൽകിയത് കണ്ടലയിലെ പുരാതന നായർ തറവാട്ടിൽപെട്ട **ശ്രീ കുമാരപിള്ള**, എന്നിവരാണ്. ഇവർ നൽകിയ രണ്ടരയേക്കർസ്ഥലത്ത് 3 മുറികളുള്ള ഒരു പ്രൈമറി സ്കൂളായിട്ടാണ് ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. **1942 ൽ യു പി സ്കൂളായും 1982 ൽഹൈസ്കൂളായും** അപ്ഗ്രേഡ് ചെയ്തു.

## പ്രാദേശിക ചരിത്രം

അതിഥി സൽക്കാരത്തിൽ വളരെ താത്പര്യമുള്ളവരായിരുന്ന കണ്ടലക്കാർ. അതിഥികളെ കണ്ടാലുടൻഇല വച്ച് സദ്യകൊടുക്കുമായിരുന്ന ഇവർഎന്ന പറയപ്പെടുന്നു. ഇവരുടെ ഈ ആതിഥ്യമര്യാദയിൽനിന്ന് ഉടലെടുത്ത കണ്ടാലുടൻഇല എന്നത് കാലക്രമത്തിൽ ലോപിച്ച് കണ്ടല ആയി മാറി. എന്നാൽമറ്റൊരു അഭിപ്രായവും നിലവിലുണ്ട്. നോക്കുന്ന സ്ഥലത്തെല്ലാം ഏലാകൾ ഉണ്ട് എന്നതിൽ നിന്നും കൺകണ്ട ഏല ഉണ്ടായി എന്നും അതു ലോപിച്ച് കണ്ടലയായി മാറി എന്നും കരുതപ്പെടുന്നു. കണ്ടല ലഹളയോളം പഴക്കമുള്ള ഒരു ചരിത്രപശ്ചാത്തലം ഈ സ്കൂളിനുണ്ട്. പുലയ സമുദായത്തിൽപ്പെട്ട പഞ്ചമി എന്ന പെൺകുട്ടിയെ 1910 ൽബഹുമാന്യനായ **ശ്രീ അയ്യൻകാളി**, ഇന്ന് ഊരൂട്ടമ്പലത്ത് യു പി സ്കൂൾസ്ഥിതി ചെയ്യുന്ന സ്ഥലത്ത് , അന്നുണ്ടായിരുന്ന എൽപി സ്കൂളിൽ ചെന്നു. പഞ്ചമിക്ക് പ്രവേശനം ലഭ്യമായെങ്കിലും സവർണസമുദായിക പ്രമാണിമാർസംഘടിച്ച് സ്കൂളും പഞ്ചമി ഇരുന്ന ബഞ്ചും ഒരു രാത്രി കൊണ്ട് തീ വച്ച് നശിപ്പിച്ചു. ഇതിന് നേതൃത്വം കൊടുത്തിരുന്നത് കണ്ടല പ്രദേശത്തുള്ള സവർണരായ ജന്മിമാരായിരുന്നു. തിരുവിതാംകൂർമഹാരാജാവിന്റെ ഉത്തരവ് ഉണ്ടായിരുന്നിട്ടും പട്ടിക ജാതി പട്ടിക വർഗവിഭാഗത്തിൽപ്പെട്ട കുരുന്നുകളെ സ്കൂളിൽകയറ്റുവാനോ പഠിപ്പിക്കുവാനോ സവർണരായ ജന്മിമാർ അനുവദിച്ചിരുന്നില്ല. ഇതിനെ തുടർന്നുണ്ടായ ലഹളയിൽ പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട നിരവധിയാളുകൾ സവർണ മേധാവിത്വത്തിന്റെ കൊടിയമർദ്ദനത്തിനിരയായി. ഈ സ്കൂളിലെ ലഭ്യമായ രേഖകൾ പ്രകാരം കേശവൻപിള്ള (കോട്ടുക്കുഴി വീട്,കണ്ടല പി ഒ) എന്ന വ്യക്തിയാണ് ആദ്യത്തെ വിദ്യാർത്ഥി. കേശവൻപിള്ളയുടെ വീട്ടുകാർ പിന്നീട് ഇവിടെ നിന്നും താമസം മാറിയതായി നാട്ടുകാരിൽനിന്നും അറിയാൻകഴിഞ്ഞു.

# ഭൗതികസൗകര്യങ്ങൾ

സ്കൂളിന് 12 കെട്ടിടങ്ങൾ ഉണ്ട്. 22 കമ്പ്യൂട്ടറുകൾ ലാബിൽ ഉണ്ട് 3500 ലധികം പുസ്തകങ്ങൾ ഉള്ള വായനശാല ഉണ്ട് സയൻസ് ലാബ് ഉണ്ട് വിശാലമായ ഗ്രൗണ്ട് ഉണ്ട്.

# സ്കൂൾ തല പ്രവർത്തനം











# DAZZLING














## DAZZLING








# DAZZLING





## DAZZLING






# DAZZLING


കണ്ടല ഹൈസ്കൂൾ 1997 ബാച്ച്
വിദ്യാർത്ഥികളുടെ സൗഹൃദക്കൂട്ടായ്മ
ഒരുവട്ടം കൂടി
കണ്ടല ഹൈസ്കൂൾ 1997 ബാച്ച്
വിദ്യാർത്ഥികളുടെ സൗഹൃദക്കൂട്ടായ്മ



# സ്കൂൾ തല പ്രവർത്തന റിപ്പോർട്ട്

ജൂൺ 1 ന് പ്രവേശനോത്സവം വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. യോഗം ജില്ലാപഞ്ചായത്ത് മെമ്പർ ഉദ്ഘാടനം ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് അധ്യക്ഷനായിരുന്നു. പുതിയതായി അഡ്മിഷനായ വിദ്യാർത്ഥികളെ കിരീടമണിയിച്ചും പഠനോപകരണം നൽകിയും സ്വീകരിച്ചു. വേദിയിൽ നടപ്പുവർഷ ജൂലൈയിൽ സർവീസിൽ നിന്നു വിരമിക്കുന്ന സീനിയർ അസിസ്റ്റന്റ് ശ്രീമതി. സുധ ടീച്ചറിനെ മൊമെന്റോ നൽകി ആദരിച്ചു. ഒപ്പം സംസ്ഥാന യുറീക്ക വിജ്ഞാന ഉത്സവത്തിൽ പങ്കെടുത്ത് നൽകി അനുമോദിച്ചു. ചടങ്ങിന് നിരവധി ജനപ്രതിനിധികൾ, രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ സാക്ഷ്യം വഹിച്ചു.

ഈ അധ്യാനവർഷത്തിൽ നിരവധി ദിനാചരണങ്ങൾ യഥോചിതം ആചരിക്കപ്പെട്ടു. പരി സ്ഥിതി ദിനം, വായനാദിനം,മയക്കുമരുന്ന് വിരുദ്ധദിനം, യോഗദിനം, ബഷീർ അനുസ്മരണ ദിനം, ചാന്ദ്രദിനം,

ഹിരോഷിമ ദിനം തുടങ്ങിയവ വിവിധ മത്സരങ്ങളും അവതരണങ്ങളും ഡോക്യുമെന്ററി പ്രദർശനങ്ങളും നടത്തി ആചരിച്ചു. ഇംഗ്ലീഷ് എന്ന വിശ്വഭാഷയെ വിദ്യാർത്ഥികൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ, മികവു തെളിയിക്കാൻ അവസരമേകുന്ന Hello English പ്രോജക്ട് ബഹു.മാറനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമ. എസ്. ഉദ്ഘാടനം ചെയ്തു. പഠനസമയം അപഹരിക്കാതെ ലത ടീച്ചറിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കു പരിശീലനം നൽകി. ക്ലാസ്സ് പി.റ്റി.എ യോടനുബന്ധിച്ച് നടത്തിയ കുട്ടികളുടെ അവതരണം ഏവരുടെയും പ്രശംസയ്ക്ക് വിഷയീഭവിച്ചു.

സ്കൂളിൽ വിദ്യാർത്ഥികളുടെ പഠനാനുബന്ധ പ്രവർത്തനങ്ങൾക്കു ഉണർവേകും വിധം വിവിധക്ലബുകൾ പ്രവർത്തിക്കുന്നു. Science, Social Science, Maths, English, വിദ്യാരംഗം, Eco club, Agricultural club, ഗാന്ധിദർശൻ, ജലക്ലബ്, ജെ. ആർ. സി തുടങ്ങിയവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.ബഹു മാനപ്പെട്ട കാട്ടാക്കട M.L.A. അഡ്വ.ഐ.ബി. സതീഷ് അവർകളുടെ പ്രയത്നത്തിന്റെ ഫലമായി ഈ വർഷം

നടത്തി.

ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കു ക്ലാസ് തലത്തിലുള്ള ബോധവൽകരണ ക്ലാസ് പ്രിയ ടീച്ചറുടെ സഹായത്തോടെ സംഘടിപ്പിക്കപ്പെട്ടു. ക്ലാസ് പി.റ്റി.എയ്ക്ക് രക്ഷിതാക്കൾക്ക് ഹെൽത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ കൗൺസലിംഗ് നടത്തി. ബഹു. ലോകസഭാംഗം അഡ്വ എ. സമ്പത്ത് അവർകളുടെ ഫണ്ടും അഡ്വ. ഐ.ബി സതീഷ് M.L.A യുടെ സഹായത്തോടെ സുമനസ്സുകളിൽ നിന്ന് ശേഖരിച്ച ഫണ്ടും ഉപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ് സർവീസ് അധ്യാപകരുടെ സഹായത്തോടുകൂടി നിലനിന്നുപോരുന്നു.

ജില്ലാപഞ്ചായത്ത് സഹായത്തോടെ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് യോഗ, കരാട്ടെ ക്ലാസുകൾ നടത്തി.മാർച്ച് 8 വനിതാദിനത്തിൽ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ പെൺകുട്ടികളുടെ കരാട്ടെ പ്രദർശനത്തിൽ നമ്മുടെ സ്കൂളും പങ്കെടുത്ത് ഗിന്നസ് റിക്കാർഡിൽ ഇടം പിടിച്ചു.

മുതൽ Student police cadet ന്റെ ഒരു യൂണിറ്റ് [8-ാം ക്ലാസ്സ്] ആരംഭിച്ചിരിക്കുന്നു. 40- ഓളം കുട്ടികൾ ബുധൻ, ശനി ദിവസങ്ങളിൽ പരിശീലനം നേടുന്നു. മാറനല്ലൂർ പോലീസ് സ്റ്റേഷനിൽ അധികൃതരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത് S.P.C യുടെ C.P.O സാംലെറ്റ്ബായി ടീച്ചറും ACPO ചന്ദ്രകുമാർ സാറുമാണ്. രക്ഷിതാക്കളുടെ സഹകരണവും എടുത്തു പറയേണ്ടതാണ്.

ഐ.റ്റി ക്ലബിന്റെ പുതിയ രൂപമായ "ലിറ്റിൽ കൈറ്റ്സി"ന്റെ ഒരു യൂണിറ്റ് സ്കൂളിൽ പ്രവർത്തനം ആരംഭിച്ചു. ആഗസ്റ്റ് 4 ന് ബഹു. ഹെഡ്മിസ്ട്രസിന്റെ വിശിഷ്ട സാന്നിദ്ധ്യത്തിൽ മാസ്റ്റർ ട്രയിനർ ഷീലുകുമാർ യൂണിറ്റ് പ്രവർത്തനം ഉദ്ഘാടനം ചെയ്തു. സബ് ജില്ല ഐ.റ്റി. കോഡിനേറ്റർ സതീഷ് സാർ, SITC നിഷാദ് എസ്.കെ കൈറ്റിന്റെ ചുമതലയുള്ള റോഷ്നി ടീച്ചർ, ലിഷ ടീച്ചർ എന്നിവർ സന്നിഹിതരായിരുന്നു.ഒൻപതാം ക്ലാസ്സിലെ മുപ്പതോളം കുട്ടികൾക്ക് ബുധനാഴ്ച്ച വൈകിട്ട് ലിറ്റിൽ കൈറ്റ് മിസ്ട്രസുമാർ [ടീച്ചേസ്] അനിമേഷൻ,

സ്ക്രാച്ച്, മൊബൈൽ ആപ്പ് ഇൻവെന്റർ,റോബോഗ്സ് തുട ങ്ങിയവയിൽ പരിശീലനം നടത്തിവരുന്നു.

കാർഷിക ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് മുന്നൊരുക്കം നടത്തിക്കഴിഞ്ഞു. എല്ലാ മാസവും എൽ.പി കുട്ടികൾക്കായുള്ള ബാലസഭ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പഠന പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള "അക്ഷരമാല","ശ്രദ്ധ", "നവപ്രഭ","വിദ്യാജോതി" പദ്ധതികൾ സ്കൂളിൽ നല്ല രീതിയിൽ നടത്തുന്നു.പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തോടനുബന്ധിച്ച് രണ്ടു വർഷത്തെ "മാസ്റ്റർ പ്ലാൻ" തയ്യാറാക്കുകയും രക്ഷിതാക്കൾക്കായി ബോധവത്കരണ ക്ലാസ് നടത്തുകയും ചെയ്തു. വിദ്യാർത്ഥികളിൽ നിന്നും അധ്യാപകരിൽ നിന്നും സംഭാവനയായി സ്വീകരിച്ച ആറായിരത്തോളം രൂപ ഉപയോഗിച്ച് "സാന്ത്വനം പദ്ധതിയിലൂടെ ജെ .ആർ.സി, എസ്.പി.സി. അംഗങ്ങളു ടെ നേതൃത്വത്തിൽ കിള്ളിയിലുള്ള റി.ഹാബിലിറ്റേഷൻ സെന്ററിന് അവശ്യവസ്തുക്കൾ വാങ്ങി നൽകി. കൂടാതെ S.P.C J.R.C കളുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധദിന ത്തിൽ "ലഹരിവിരുദ്ധ സന്ദേശയാത്ര" -സ്കൂൾ തലത്തിൽ

## മികവുകൾ

വിദ്യാർത്ഥികൾക്ക്, സ്കൂൾ തലത്തിൽ പരിശീലനം നല്കി പങ്കെടുപ്പിച്ച D.C.L സ്കോളർഷിപ്പ് പരീക്ഷയിൽ Cash Award ഉൾപ്പെടെ നിരവധി സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ലഭിച്ചു.പ്രൈമറി വിഭാഗം സബ്ജില്ലാതല കായികമത്സരങ്ങളിൽ ഇരുപതോളം കുട്ടികൾക്ക് മെഡലുകൾ ലഭിച്ചു.

# പുതിയശബ്ദം

===========

വരരുചിക്കുവരിക്കുവാനൊരു ജന്മമുണ്ടായി,

അവളെ "ജാതി "വെറുക്കയാല തിബുദ്ധിയുണ്ടായി.

പുഴയി ലവളെയൊഴുക്കിവിട്ടവർ വിഡ്ഢികളായി!

അവളെത്തന്നെ വരിക്കുവാനൊരു യോഗവും വന്നു!

അവളുപെറ്റ കുരുന്നുകൾക്കു കുലങ്ങളുണ്ടായി,

അവളിലൂടെ നമുക്കു കേൾക്കാൻ കഥകൾ വന്നപ്പോ-

ലവളിലൂടെനടന്നലോകം പഴമകൾപാടി...

കറുകറുത്ത വെറുപ്പുകൾക്കു ശമനമുണ്ടാക്കി!

ഇരവു പകലുകൾ യാത്രയായി കാലചക്രത്തിൽ

പഴയകാലമുണർന്നെണീറ്റു പുതിയകോലത്തിൽ!

പറയിപെറ്റ നനച്ചനന്മകൾ മണ്ണിടഞ്ഞപ്പോൾ

വരരുചിക്കുവിധിച്ച പഞ്ചമി പിന്നെയുംവന്നു!

അവൾ നടന്ന വഴികളിൽ ചില ഭ്രഷ്ടുകൾ തീർത്തു,

അവൾ കളിച്ചകളങ്ങളിൽ ചില ശുദ്ധികൾതീർത്തു!

അവളിരുന്നു പഠിച്ച 'ബെഞ്ചിനെ " ചുട്ടെരിച്ചിട്ടു -

മവൾജനിച്ച കുടിലിനെ ചിലർ തീകൊളുത്തീല്ലേ!!

അവളുനിന്നുവിളമ്പവേ യൊരു ധീരനെത്തീല്ലേ

അവനിലൂടെ നയിച്ചതോയൊരു .....പുതിയ തേരോട്ടം.

മുനയൊടിച്ചു, ശരങ്ങളൊക്കെ വലിച്ചെറിഞ്ഞപ്പോ -

ളൊരുമയോടെ പഠിക്കുവാനൊരു കാലവും വന്നു....!

പുലരികൾക്കുനിറംപകരാൻസപ്തവർണ്

പുതിയ സൂര്യപ്രഭ ചൊരിഞ്ഞവൾ മുന്നിൽ നിൽക്കുമ്പോ -

ളവനിയാകെനിറഞ്ഞു നിൽപ്പൂ പുതിയ ശബ്ദത്തി -

ലവളിലൂടെ വിരിഞ്ഞുവന്ന ചുവന്ന സ്വപ്നങ്ങൾ....!

DAZZLING



# ജീൻ പ്രയോഗത്തിലൂടെ വെള്ളപൊക്കം തടയുന്നതിനുള്ള മാർഗം

വെള്ളപൊക്കത്തിൽ മുങ്ങി നെൽച്ചെടികൾ നശിക്കുന്നു.ഉപ്പുവെള്ള ത്തിൽനെൽച്ചെടികളുടെ വിളവു കുറയുന്നു.കർഷകരുടെ ഈ പ്രശ്ന ങ്ങൾക്കുള്ള പരിഹാരം നമ്മുടെ ഇടയിൽത്തന്നെയുണ്ട്. ജീനുകളുടെ 'കയ്യിലെടുത്ത്' എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാം.

ഉപ്പുവെള്ളത്തിനെ പ്രതിരോധിക്കാനും വെള്ളപ്പൊക്കത്തെ അതിജീവിക്കാനും കഴിയുന്ന ജീനുകൾ മറ്റുവിത്തിനങ്ങളിൽ നിന്നും വേർതിരിച്ച ഓരോ പ്രദേശത്തിനു അനുയോജ്യമായ നെൽവിത്തിൽ ചേർത്തു നൽകിയാൽ പ്രശ്നപരിഹാരമായി. ഇത്തരത്തിൽ ജനിതക ഘടനയ്ക്കു മാറ്റം വരുത്താതെ ഹൈബ്രിഡൈസേഷൻ വഴി വിത്തിന ങ്ങൾ ഉദ്പാദിപ്പിക്കാം. സബ് വൺ എ [sub 1 A] ജീൻ ആണു വെ ള്ളത്തെ പ്രതിരോധിക്കാൻ നെല്ലിനു കഴിവു നൽകുന്നത്.വെള്ളത്തി നിടയിൽ മുങ്ങിക്കിടക്കുമ്പോൾ പിടിച്ചുനിൽക്കാനുള്ള [submergen ce tolerance] കഴിവ് ഈ ജീൻ നൽകുന്നു. ഉയർന്ന വിളവു തരുന്ന വിത്തിനങ്ങൾ ഇത്തരത്തിൽ പുറത്തിറക്കിയാൽ വെള്ളപ്പൊക്കത്തെ അതിജീവിക്കുകയും വിളവു നൽകുകയും ചെയ്യും.

ഓരു വെള്ളമാണു നെൽകൃഷി നേരിടുന്ന മറ്റൊരു ഭീഷണി. പ്രത്യേകിച്ച് കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിൽ ഇതു വ്യാപകമാണ്. ഇവിടെ പൊക്കാളി കൃഷിയിൽ ഉപയോഗിക്കുന്ന

നെൽവിത്തിലെ സാൽട്ടോൾ [saltol] എന്ന ജീൻ സാധാരണ വിത്തിനത്തിലേക്ക ഹൈബ്രിഡൈസേഷൻ വഴി എത്തിക്കാം. ഇതു ഉപ്പുവെള്ളത്തെ പ്രതിരോധിക്കുന്നതിനുള്ള ശേഷി നൽകും.ലാബോറ ട്ടറിയിൽത്തന്നെ ഇത്തരം വിത്തിനങ്ങളിൽ തന്നെ ജീവന്റെ സാന്നി ദ്ധ്യം ആവശ്യത്തിനുണ്ടോയെന്നു പരിശോധിക്കാം. മാർക്കർ അസി സ്റ്റഡ് സെലക്ഷൻ [മാസ്] വഴി ഉദ്ദേശിക്കുന്ന ജീനിന്റ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പാക്കി വിത്തിനങ്ങൾ പുറത്തിറക്കാം. വിദേശങ്ങ ളിൽ ഇത് സാധാരണമാണ്.നമ്മുടെ നാട്ടിലും ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ നടക്കുന്നുണ്ട്.

കീടരോഗ പ്രതിരോധത്തിനും ജീനുകൾ പ്രധാന പങ്കു വഹിക്കുന്നു. ജീൻ പിരമിഡ് വഴി വിവിധ കീടങ്ങളെ പ്രതിരോധി ക്കുന്ന നെൽ വിത്തിനങ്ങൾ ഉണ്ടാക്കുകയാണ് ചെയ്യേണ്ടത്. വ്യത്യ സ്ത കീടങ്ങളെ പ്രതിരോധിക്കുന്ന ജീവികളെ ഒരു ഇനത്തിലേക്കു കൊണ്ടു വരികയാണ് പിരമിഡിങ്ങിൽ ചെയ്യുന്നത്. ഓരോ ഘടക ങ്ങൾ കൂട്ടിക്കൂട്ടി പിരമിഡുകൾ നിർമിക്കുന്നതു പോലെയാണു ഇവിടെ ചെയ്യുന്നത്.

# കണ്ടൽക്കാടുകൾ

കടലും പുഴയും ചേരുന്ന ചില പ്രദേശങ്ങളിൽ കാണപ്പെടുന്ന നിത്യഹരിതസസ്യങ്ങളാണ് കണ്ടലുകൾ പുഴവെള്ളത്തിലൂടെ എത്തുന്ന ജൈവാംശങ്ങളും ഫലഭൂയിഷ്ഠമായ എക്കലും വേലിയേറ്റത്തിരകളിലൂടെ എത്തുന്ന ധാതുലവണങ്ങളും ധാരാളമായി ലഭിക്കുന്ന സൂര്യപ്രകാശവും സമൃദ്ധമായ ജലസാന്നിദ്ധ്യവും കണ്ടലുകളുടെ വളർച്ചയ്ക്ക് അനുയോജ്യമാണ്. ജലാശയത്തിലേക്ക് ഉയർന്നുനിൽക്കുന്ന വേരുകൾ [ശ്വസന വേരുകൾ] കരയെ സംരക്ഷിക്കുകയും ശക്തമായ കാറ്റിനെ പ്രതിരോധിക്കയും ചെയ്യുന്നു.സമൃദ്ധമായ വേരുപടലം കടലാക്രമണം ചെറുക്കാൻ ഏറ്റവും ഫലപ്രദമാണ്. ലോകത്ത് കണ്ടലുകൾ ഏറ്റവും കൂടുതലുള്ളത് ഏഷ്യയിലും കുറവുള്ളത് ആഫ്രിക്കയിലുമാണ്. ഏറ്റവുമധികം കണ്ടലുള്ളത് കണ്ണൂർ ജില്ലയിലാണ്.

[കേരളത്തിലെ ഏതാനും കണ്ടലുകളെ കുറിച്ച്]

1.ഉപ്പട്ടി [Avicennia officinalis]

2.ചെറുഉപ്പട്ടി [Avicennia marina]

3.ചെറുകണ്ടൽ [Kandelia candel]

4.പ്രാന്തൻ കണ്ടൽ [Rhizophora mucronata]

5.സമുദ്രച്ചാമ്പ [Barringtonia racemosa]

6.കടക്കണ്ടൽ [Lumnitzera racemosa]

# DAZZLING



## മനുഷ്യശരീരത്തിൽ പുതിയ അവയവം -ഇന്റർസ്റ്റീഷിയം

ശരീരത്തിലെ ഏറ്റവും വലിയ അവയവങ്ങളിൽ ഒന്നായി കണക്കാക്കാവുന്നതും കാൻസർ ഉൾപ്പെടെയുള്ള രോഗ ങ്ങളെ ചികിത്സിക്കാൻ സഹായകരമാകുന്നതുമായ ഒരു ശരീരഭാഗമാണ്.

തിങ്ങിയിരിക്കുന്ന കലകളും ദ്രാവകങ്ങൾ നിറഞ്ഞ അറകളും അടങ്ങിയ ഈ അവയവത്തെ Interstitium എന്നാണ് വിളിക്കുന്നത്. ശരീരം അതിന്റെ പ്രവർത്തന ൾക്കായി നിരന്തരം ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ഭാഗ മാണ് ഇതും. മനുഷ്യശരീരത്തിൽ മൂന്നിൽ രണ്ടു ഭാഗവും ജലമാണ്. ഏതാണ്ട് 20 ശതമാനം ശരീരദ്രാവകത്തെ യാണ് ഇന്റർസ്റ്റീഷ്യൻ എന്നു വിളിക്കുന്നത്. മറ്റ് സ്ഥല ങ്ങൾക്ക് ഇടയിലുള്ളത് എന്നർഥം വരുന്ന ലാറ്റിൻ വാ ക്കുകളിൽ നിന്നാണ് ഈ പദത്തിന്റെ ഉദ്ഭവം. ഈ ദ്രാവ കങ്ങളെയും അവയെ ബന്ധിപ്പിക്കുന്ന കലകളെയും ആണ് ഇന്റർസ്റ്റീഷ്യം എന്ന് വിളിക്കുന്നത്. ഇത് ശരീര ത്തിൽ മുഴുവൻ കാണപ്പെടുന്നു. തൊലിക്കടിയിലും ദഹന ശ്വാസമൂത്ര വ്യവസ്ഥകളിലും ഇവ കാണപ്പെടുന്നു. ശരീരം മുഴുവൻ വ്യാപിക്കുന്ന കാൻസർ പോലുള്ള അസുഖങ്ങളെ നേരിടാൻ ഈ അവയവത്തെക്കുറിച്ചുള്ള പഠനങ്ങൾ വലിയ രീതിയിൽ സഹായിക്കുമെന്നാണ് പ്രതീക്ഷ.



Little KITES  Members

# ശാസ്ത്രത്തിന്റെ ബോസ്

ഊർജതന്ത്രത്തെയും സസ്യശാസ്ത്രത്തെയും ഒരുപോലെ സ്നേഹിക്കുകയും ഇരു രംഗങ്ങളിലും ലോക ശ്രദ്ധ കവർന്ന നേട്ടങ്ങൾ സ്വന്തമാക്കുകയും ചെയ്ത ശാസ്ത്രജ്ഞനാണ് ജഗദീശ് ചന്ദ്രബോസ്

മറ്റ് ജീവികളെപോലെ തന്നെ സസ്യങ്ങൾക്കും ജീവനുണ്ടെന്നും അവയ്ക്ക് സംവേദനക്ഷമതയുള്ള നാഡീവ്യൂഹം ഉണ്ടെന്നും അദ്ദേഹം തെളിയിച്ചു. സസ്യവളർച്ച സൂക്ഷ്മമായി അളക്കാൻ സഹായിക്കുന്ന ക്രെസ്കോഗ്രാഫ് എന്ന ഉപകാരണം വികസിപ്പിച്ചെടുത്തു. ചൂട്, തണുപ്പ്, ശബ്ദം, വേദന എന്നിവയോടൊക്കെ സസ്യങ്ങൾ പ്രതികരിക്കുമെന്ന് അദ്ദേഹം തെളിയിച്ചു. 1901 ൽ ലണ്ടനിലെ റോയൽ സൊസൈറ്റി ഹാളിലെ നിറഞ്ഞ സദസ്സിനു മുന്നിൽ കണ്ടുപിടിത്തം ബോസ് അവതരിപ്പിച്ചു.

ഹസ്ന- 7 ബി

## സ്വപ്നങ്ങളുടെ ലോകത്തുനിന്ന്

ഒരു ഗ്രാമം.ഗ്രാമമെന്നു പറയുമ്പോൾ തല ഉയർത്തിനിൽക്കുന്ന തെങ്ങുകൾ,മലനിരകൾ,കാറ്റിലൂ ഞ്ഞാലാടുന്ന വയലുകൾ, വയലുകളുടെ ഇടയിൽ നടപ്പാത, നടപ്പാതയുടെ അരികത്തായി ചെറിയ തോട്. തോട്ടിലൂടെ നീന്തുന്ന മീനുകൾ, നീന്തി തുടിക്കുന്ന മീനുകളുടെ മധു നുകരുന്ന കുട്ടികൾ. കുട്ടികളിൽ ചിലർ പാവം മീനുകളെ തോർത്തിൽ മുക്കി പിടിക്കുകയാണ്. വയലിലൂടെ നടന്നു കുറെ ദൂരം പോകുമ്പോൾ ഒരു ചെറിയ മനോഹരമായ കുളം.കുളത്തിന്റെ തണുപ്പറിഞ്ഞ് നീന്തുന്ന താറാവിന്റെ കൂട്ടം. ഇതൊക്കെയാണെന്റെ ഗ്രാമം.

എന്റെ പേര് ഹരി.എന്റെ അച്ഛൻ വെറുമൊരു കൂലിപ്പണിക്കാരനാണ്.ഞാൻ പഠിക്കുന്നത് സർക്കാർ സ്കൂളിലാണ്. മറ്റുള്ളവരെ സംബന്ധിച്ച് എന്റെ സ്വപ്നം വലുതാണ്. ഒരു ഡോക്ടറാവണം. വെറും ഡോക്ടറല്ല. സ്വന്തമായി ഒരു ആശുപത്രി വച്ച് ഒരു രൂപ പോലും വാങ്ങാതെ ചികിത്സിക്കണം. വരുന്ന കുട്ടികളുടെ

സന്തോഷത്തിനായി ഒരു ചെറിയ മിഠായിയും കൊടുക്കും. ആ കൊടുക്കുന്ന മിഠായിക്കു പോലും പൈസ വാങ്ങാത്ത ഒരു പാവം ഡോക്ടർ. അതാണ് എന്റെ സ്വപ്നം. അതിനുവേണ്ടിയാണ് ഞാൻ കഷ്ടപ്പെട്ടു പഠിക്കുന്നത്. ആ സ്വപ്നം ഞാൻ നേടുകയും ചെയ്യും.

എന്റെ അച്ഛൻ പറഞ്ഞിട്ടുണ്ട് "നിങ്ങൾക്കൊരു സ്വപ്നം ഉണ്ടെങ്കിൽ അതിനു പിൻന്തുണയായി ഈ ലോകം മുഴുവൻ ഉണ്ടാകും" എന്ന്. ഈ വാക്കുകളും എന്റെ സ്വപ്നവും നെഞ്ചിലേറ്റിക്കൊണ്ട് ഞാൻ പത്താംക്ലാസ്സിൽ മുഴുവൻ A+ കിട്ടിക്കൊണ്ട് +1 ലേക്ക് ചേർന്നു.ചേർന്ന പ്പോൾ എനിക്കു തോന്നി ഇനി എന്റെ സ്വപ്നത്തിന് കുറച്ചു ദിനങ്ങൾ മാത്രമേയുള്ളൂവെന്ന്. പക്ഷേ, ആ സമയത്താണ് എനിക്ക് ഒരു തലവേദനയും ഒരു മാനസികതളർച്ചപ്പോലെ തോന്നിയത്. ഞാൻ ജീവിക്കുന്നത് ഒരു ഗ്രാമത്തിൽ ആയതുകൊണ്ട് അവിടെയുള്ള ഒരു ആരോഗ്യ കേന്ദ്രത്തിലാണ് എന്നെ കാണിച്ചത്. അവർ അച്ഛനോട് പറഞ്ഞത് എനിക്ക് കാൻസർ എന്നാണ്. കരളിലാണ് കൂടുതലുമായി ബാധിച്ചിരിക്കുന്നത് എന്നും പറഞ്ഞു.

അങ്ങനെ എന്റെ പഠിത്തം പോയി. എന്റെ

സ്വപ്നം പോയി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ എനിക്ക് തന്ന ഗുളികയുടെ എഫെക്റ്റ് ആണെന്നു തോന്നുന്നു. എനിക്ക് ഒരു തളർച്ചയുണ്ടായി. അപ്പോൾ ഡോക്ടർ പറഞ്ഞു കാൻസർ വലുതായി എത്രയും പെട്ടെന്ന് വലിയ ആശുപത്രിയിൽ പോയി ഓപ്റേഷൻ ചെയ്യണം. ഇതു കേട്ടതും അച്ഛനു സങ്കടം വന്നു. അടുത്ത ദിവസം കടം വാങ്ങി അടുത്ത നഗരത്തിലുള്ള ആശുത്രയിൽ പോയി.അച്ഛൻ ഫോമുകൾ പൂരിപ്പിക്കാൻ പോയി. എന്നെ ഓപ്റേഷൻ തിയേറ്ററിൽ കയറ്റി. അവിടെ കയറിയപ്പോഴാണ് എനിക്ക് മനസ്സിലായത് അവിടെ നടക്കുന്നതൊന്നും ശരിയല്ലായെന്ന്. എന്നെ കിടത്തി ഓക്സിജൻ തന്നു. അവർ അപ്പോൾ പറഞ്ഞു പണം മുഴുവൻ കിട്ടിയിട്ടുപോരെ ഈ കുട്ടിയുടെ അവയവം വിൽക്കുന്നത്. പാവം കുട്ടിയുടെ അച്ഛൻ കൂലിക്കാരനാണ്. ഈ കുട്ടി നന്നായി പഠിക്കും. മറ്റൊരു ഡോക്ടർ പറഞ്ഞു. നമുക്ക് കുറച്ചു പണം കിട്ടിയില്ലേ അതു പോരെ.

അപ്പോൾ എനിക്കു സങ്കടം വന്നു. എന്റെ അച്ഛനെ പറ്റിച്ചു. എന്റെ പഠിത്തം നിർത്തിച്ചു. ഈ ഡോക്ടർമാർ പണത്തിനുവേണ്ടി എന്തും ചെയ്യും.ഒരു ചെറിയ തലവേദനയും പനിയുമാണ് ഇവർ കാൻസർ

എന്നു പറഞ്ഞത്. എന്റെ ജീവൻ നിലച്ചുപ്പോയി. എന്റെ ജീവിതം ഈ ലോകത്ത് നിന്ന് മാഞ്ഞുപോയി. ഈ സ്വപ്നങ്ങളുടെ ലോകത്തുനിന്ന് ഞാൻ പോകുന്നു. അപ്പോൾ ഞാൻ വിചാരിച്ചു -ഇവർ എന്നാണ് നന്നാവുക. എപ്പോഴാണ് ഇതിനൊരു മാറ്റം. അന്നെ ഈ ലോകം നന്നാവുകയുള്ളൂ.................

# വൺ ഡേ ഇൻസെക്റ്റ്

മേഫ്ലൈ എന്ന തുമ്പികളാണ് ലോകത്തെ ഏറ്റവും ആയുസ്സ് കുറഞ്ഞ ജീവികൾ. പരമാവധി ഒരു ദിവസ മാണ് ആയുസ്സ്. അതുകൊണ്ടാണ് ഇവയെ 'വൺ ഡേ ഇൻസെക്റ്റ്' എന്ന് വിളിക്കുന്നത്. ഇവയ്ക്ക് വായില്ല. അതു കൊണ്ട് തന്നെ ഭക്ഷണം കഴിക്കില്ല.ആഹാരം ദഹിപ്പി ക്കുന്ന അവയവങ്ങളുമില്ല. ചതുപ്പുകൾക്ക് ഇടയിൽ നിന്ന് പറക്കുന്ന ഇവ പറക്കുന്നതിനിടയിൽ തന്നെ മുട്ടയിടും. വെള്ളത്തിൽ മരിച്ചുവീണ് ജലജീവികളുടെ ആഹാര മാകും.മൂവായിരത്തോളം ഇനം മേഫ്ലൈകളുണ്ട്. ചിലതിനു മണിക്കൂറുകളുടെ ആയുസ്സേ ഉള്ളൂ. മിക്ക മേഫ്ലൈകളും മൂന്നു വർഷം ചതുപ്പിലെ വെള്ളത്തിൽ ലാർവയായി കിടന്നിട്ടാണ് വെറും ഒരു ദിവസം ജീവിക്കാനായി വരുന്നത്.

# മാലിന്യം നീക്കാൻ ചെടികൾ നടാം

വ്യവസായവൽക്കരണത്തിന്റെയും ഖനനത്തിന്റെയും ഭാഗമായി മലിനീകരിക്കപ്പെട്ട പരിസ്ഥിതി പൂർവ്വസ്ഥിതിയിലാക്കാൻ സസ്യങ്ങൾക്കുള്ള ശേഷിയെ ഫൈറ്റോറെമഡിയേഷൻ [phytoremediation] എന്നറിയപ്പെടുന്നു. ഇത്തരം ചെടികൾ നട്ടുന്നതുവഴി ആ പ്രദേശത്തുള്ള മണ്ണിലെ വിഷമയമുള്ള ലോഹങ്ങളെ നീക്കം ചെയ്യാം. ഇങ്ങനെ മാലിന്യം വലിച്ചെടുത്ത ചെടികളെ സംഭരിച്ച് അവയിൽ നിന്ന് ലോഹങ്ങളെ വേർതിരിക്കുന്ന പ്രക്രിയയ്ക്ക് ഫൈറ്റോ എക്സ്ട്രാക്ഷൻ [phytoextraction] എന്നാണ് പറയുന്നത്.



Team KANDALA

## ടെസ്റ്റ് ക്രിക്കറ്റിലെ കിരീടങ്ങൾ [ ക്രിക്കറ്റിലെ പ്രധാന ട്രോഫികളുടെ പേരുകൾ]

| | |
|---|---|
| 1. ആഷസ് | - England x Australia |
| 2.ഫ്രീഡം ട്രോഫി | - India x S. Africa |
| 3.ഫ്രാങ്ക് വോറൽ ട്രോഫി | - Australia x W. Indies |
| 4.ബാസിൽ ഡൊളിവേര ട്രോഫി | - England x S. Africa |
| 5.പട്ടൗഡി ട്രോഫി | - India x England |
| 6.ട്രാൻസ് - ടാസ്മാൻ ട്രോഫി | - Australia x News land |
| 7.വിസ്ഡൻ ട്രോഫി | - England x W. Indies |
| 8.സതേൺ ക്രോസ് ട്രോഫി | - Australia x Zimbavar |
| 9.സർ വിവിയൻ റിച്ചാർഡ്സ് ട്രോഫി | - W. Indies x S. Africa |
| 10.ക്ലൈവ് ലോയ്ഡ് ട്രോഫി | - W. Indies x Zimbavar |

# നീല വിസ്മയം

വ്യാഴവട്ടത്തിന്റെ ഇടവേളകളിൽ മാത്രം മിഴി തുറക്കുന്ന Strobilanthus kunthianus എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നതാണ് നീലക്കുറിഞ്ഞികൾ.കുറിഞ്ഞി വർഗത്തിലെ റാണിയാണ് നീലക്കുറിഞ്ഞി. നീലക്കുറിഞ്ഞികൾ എന്ന് പേരുണ്ടെങ്കിലും പൂക്കൾ ശരിക്കും നീലയല്ല. നീലയ്ക്കും ഊതനിറത്തിനും ഇടയിലാണ് ഇതിന്റെ സ്ഥാനം. അക്കാന്തേസ്യ സസ്യകുടുംബത്തിൽപ്പെട്ട കുറിഞ്ഞിക്ക് Asia യിൽ 100 ൽ പരം വകഭേദങ്ങൾ ഉള്ളതായാണ് സസ്യ ശാസ്ത്രജ്ഞരുടെ കണ്ടെത്തൽ. വർഷത്തിൽ ഒരിക്കൽ പൂക്കുന്ന

സ്ട്രോബിലാന്തസ് സെസിലിന് മുതൽ 16 വർഷ ഇടവേളകളിൽ മാത്രം പൂവിടുന്ന ചോലക്കുറിഞ്ഞിവരെ ഇതിൽപെടും.

ഒരിക്കൽമാത്രം പുഷ്പിക്കുകയും വിത്തുൽപാദനം പൂർത്തിയാക്കി സ്വയം നാശത്തിലേക്ക് വഴുതി വീഴുകയും ചെയ്യുന്നതാണ് കുറിഞ്ഞികളുടെ ജീവിതഘട്ടം. വേനൽക്കാലം കഴിഞ്ഞു പുതുമഴ പെയ്യുന്നതിനൊപ്പം കുറിഞ്ഞിവിത്തുകൾ മുളച്ച്, കുറിഞ്ഞിതൈകൾ ഉണ്ടാകും. മഴയില്ലാത്ത കാലാവസ്ഥയാണെങ്കിൽ പൂവിട്ട് 3 മാസം വരെ കുറിഞ്ഞിപ്പൂക്കൾ നിൽക്കും. തുടർന്ന് ഇവ കരിഞ്ഞ് വിത്തുകൾ മണ്ണിൽ വീഴുന്നതോടെ ചെടികൾ നശിക്കും. മണ്ണിൽ 12 വർഷം

നീളുന്ന നിദ്രയ്ക്കൊടുവിൽ വീണ്ടും ഈ വിത്തുകൾ മുളപൊട്ടിയാണ്

കുറിഞ്ഞിച്ചെടികൾ വളരുന്നത്.

തങ്ങൾക്ക് ജന്മം നൽകിയ തലമുറയെ കാണാൻ കഴില്ലെന്നതാണ്

കുറിഞ്ഞിയുടെ പ്രത്യേകത.

കുറിഞ്ഞികളുടെ "ബിഗ് ബാങ്ങ് "- കുറിഞ്ഞികൾ പൂക്കാലമാകുമ്പോൾ പരമാവധി പുനരുൽപാദനത്തിനു

ശ്രമിക്കും. ഇതു പ്രത്യുൽപാദനം

മഹാവിസ്ഫോടനം [ Reproductive Mega Bing Bing]എന്നറിയപ്പെടുന്നു. കൂടുതൽ പൂക്കളെ ഉത്പാദിപ്പിക്കാനും ഉണ്ടാകുന്ന പൂക്കളെയെല്ലാം പരാഗണവിധേയമാക്കി വിത്തുൽപാദനം നടത്താനും സസ്യം ശ്രമിക്കും

# നന്ദി

## ലിറ്റിൽ കൈറ്റ് ഗവ: എച്ച് എസ് കണ്ടല